**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

ഹാജർ:ശാലിനി ഗോപിനാഥ് (PEN 498485)

ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ്- ജീവനക്കാര്യം - വകുപ്പിലെ 2 ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് ഭരണ സൗകര്യാർത്ഥം ഡയറക്ടറേറ്റിലെ ഐ ടി സെല്ലിൽ നല്കിയിരുന്ന സ്പെഷ്യൽ ഡ്യൂട്ടിയുടെ കാലാവധി ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/2376/2024-E1 തിരുവനന്തപുരം,തീയതി:30-06-2026

പരാമർശം:- 1. ഈ ഓഫീസിലെ 11.06.2025 എന്നീ തിയതിയിലെ ലെ ഇതേ നം ഉത്തരവ്

2.ഐ ടി സെൽ ഡെപ്യൂട്ടി ഡയറക്ടറുടെ 30.05.2026 ലെ സമർപ്പണം

**ഉത്തരവ്**

മേൽപരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പിലെ 2 ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ ക്ഷീരസഹകരണ സംഘങ്ങളുടെ യൂണിഫൈഡ് സോഫ്റ്റ് വെയറിന്റെ പ്രവർത്തനങ്ങൾക്കായി ഡയറക്ടറേറ്റിലെ ഐ.ടി. സെല്ലിൽ 2026 ജൂലൈ മാസം വരെ ഭരണസൗകര്യാർത്ഥം സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് ഉത്തരവായിരുന്നു.

ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടലിൽ യൂണിഫൈഡ് സോഫ്റ്റ് വെയർ, സൊസൈറ്റി മൊഡ്യൂൾ ഇംപ്ളിമെന്റേഷൻ എന്നിവ പുരോഗമിക്കുന്നതിനാലും വകുപ്പിന്റെ പ്ലാൻ പദ്ധതികൾ, ക്ഷീരസംഘങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ എന്നിവ ക്ഷീരശ്രീ പോർട്ടൽ മുഖേന നടപ്പിലാക്കി വരുന്നതിനാലും, ഈ 2 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ സേവനം ഈ പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ സാഹചര്യത്തിൽ സ്പെഷ്യൽ ഡ്യൂട്ടി കാലാവധി 2026 ജൂലൈ മാസം അവസാനിക്കുന്ന സാഹചര്യത്തിൽ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നല്കണമെന്ന് മേൽപരാമർശം (2) പ്രകാരം ഐ.ടി. സെൽ ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പിലെ താഴെപ്പറയുന്ന 2 ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് ഭരണസൗകര്യാർത്ഥം ഡയറക്ടറേറ്റിലെ ഐ.ടി. സെല്ലിൽ നൽകിയിരുന്ന നിലവിലെ സ്പെഷ്യൽ ഡ്യൂട്ടി താഴെപ്പറയും വിധം കോളം നം. 4 ൽ കൊടുത്തിരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ഡെയറി ഫാം ഇൻസ്ട്രക്ടറുടെ പേര്, (PEN) | നിലവിലെ ക്ഷീരവികസന യൂണിറ്റ് കാര്യാലയം, ജില്ല | സ്പെഷ്യൽ ഡ്യൂട്ടി ദീർഘിപ്പിച്ച് നൽകുന്ന തീയതിയുടെ പ്രാബല്യം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീമതി. ഗീതുമോൾ വി, (895908) | പള്ളുരുത്തി, എറണാകുളം | 08.07.2026 FN |
| 2 | ശ്രീ. ശ്രീകാന്ത് എസ്, (903331) | പാലാക്കാട്, പാലക്കാട് | 11.07.2026 FN |

ടി ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ കാര്യാലയങ്ങളായ എറണാകുളം ജില്ലയിലെ പള്ളുരുത്തി ക്ഷീരവികസന യൂണിറ്റ്, പാലക്കാട് ജില്ലയിലെ പാലക്കാട് ക്ഷീരവികസന യൂണിറ്റ് എന്നീ

കാര്യാലയങ്ങളുടെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിലേക്കായി ടി ജില്ലയിലെ തന്നെ സമീപസ്ഥവും ജോലിഭാരം താരതമ്യേന കുറവുള്ളതുമായ ഒരു ക്ഷീരവികസന യൂണിറ്റിലെ അനുയോജ്യനായ ഒരു ഡെയറി ഫാം ഇൻസ്ട്രക്ടർക്ക് പ്രസ്തുത ക്ഷീരവികസന യൂണിറ്റിന്റെ അധിക ചുമതല നൽകുവാനും നിർദ്ദേശിക്കുന്നു.

Digitally signed by
SALINI GOPINATH
Date: 30-06-2026
15:31:56

DIRECTOR

To,ബന്ധപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ്:-

1) ഡെപ്യൂട്ടി ഡയറക്ടർമാർ, ക്ഷീരവികസന ജില്ലാ കാര്യാലയങ്ങൾ, എറണാകുളം & പാലക്കാട്.

2) ക്ഷീരവികസന ഓഫീസർമാർ (പള്ളുരുത്തി - എറണാകുളം ജില്ല) & (പാലക്കാട്- പാലക്കാട് ജില്ല) (ഡി.ഡി. മുഖേന).

3) ഡയറക്ടറുടെ മേശപ്പുറത്ത്.

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്)

6) ഡെപ്യൂട്ടി ഡയറക്ടർ (ഇ ഗവേൺസ് & ഐ ടി)

7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

8) ഇ സെക്ഷൻ സൂപ്രണ്ട്